"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - ഓഡിറ്റ് റിപ്പോർട്ട് 2012-13 ഖണ്ഡിക 3.11- പുതിയ കിണർ നിർമ്മാണ പദ്ധതി- തുക വകമാറ്റി ചെലവഴിച്ചത്- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്ന

## തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്

**സ.ഉ.(സാധാ) നം.1334/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/07/2020

പരാമർശം:-

1 അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/19/2017 ലെ എ 2062/14 നമ്പർ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 03/01/2018 ലെ എം 3/34977/17 നമ്പർ കത്ത്

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15/05/2018ലെ കെ.എസ്.എ /2282/പി.റ്റി നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം ഡി.പി.സി അംഗീകാരം ലഭിച്ച 1,98,500/-രൂപ അടങ്കൽ തുക വരുന്ന പുതിയ കിണർ നിർമ്മാണം എന്ന പദ്ധതിയുടെ തുക വക മാറ്റി വെള്ളം വറ്റിപ്പോയ കിണറുകളുടെ ആഴം കൂട്ടുക എന്ന പദ്ധതിക്കായി ചെലവഴിച്ചതിനെ തുടർന്ന് 2012-13വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം ചെലവ് തുക നിരാകരിച്ചിരുന്നു.

2. അതിരൂക്ഷമായ കുടിവെള്ളക്ഷാമം നിലനിന്നിരുന്ന 2012-2013 കാലഘട്ടത്തിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് പുതിയ കിണർ നിർമ്മാണത്തിന് യൂണിറ്റൊന്നിന് 17,500 /- രൂപ സബ്സിഡി നിരക്കിൽ 1,98,500 /- രൂപ അടങ്കൽ തുകയ്ക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങി നിർവ്വഹണ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ഏൽപ്പിച്ചിരുന്നെന്നും, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്ത് 17,500 രൂപ മുടക്കി പുതിയ കിണർ നിർമ്മാണം സാദ്ധ്യമല്ലെന്ന വസ്തുത മനസ്സിലാക്കാതെയാണ് പദ്ധതി രൂപീകരിച്ചതെന്നും, ടി തുകയ്ക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നപ്പോൾ പദ്ധതിയ്ക്ക ഭേദഗതി തയ്യാറാക്കി, ഡി.പി.സി അംഗീകാരം വാങ്ങാതെ നിലവിൽ വെള്ളം വറ്റിപ്പോയ കിണറുകളുടെ ആഴം കൂട്ടുന്നതിന് ആ തുക ഉപയോഗിക്കുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും 18 ഗുണഭോക്താക്കൾക്കായി തുക വിതരണം ചെയ്തെന്നും, അംഗീകാരം ലഭിച്ച പ്രോജക്ട് നിർവ്വഹണത്തിന് യോഗ്യമല്ലെന്ന് ബോദ്ധ്യപ്പെട്ട ശേഷം ഭേദഗതി തയ്യാറാക്കി ഡിപിസി അംഗീകാരം വാങ്ങുകയോ, സർക്കാരിന്റെ പ്രത്യേക അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ലെങ്കിലും; ചെലവഴിക്കപ്പെട്ട തുകയ്ക്ക് തുല്യമായ ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാലും, മറ്റിടങ്ങളിൽ ചെലവഴിക്കാതെ കിടന്ന എസ്.സി.പി ഫണ്ട് പഞ്ചായത്ത് ചെലവഴിക്കാൻ ശ്രമിച്ചു എന്നതിനാലും, പൊതുധനം നഷ്ടമായില്ല എന്നത് പരിഗണിച്ചും; പ്രസ്തുത പ്രോജക്ടിന് സാധൂകരണം നല്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ, പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതി ശിപാർശ എന്നിവ പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

3. പ്രാദേശിക സർക്കാരെന്ന നിലയിൽ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട തീരുമാനവും നടപടികളും അടിയന്തിരമായി കുടിവെള്ളക്ഷാമം പരിഹരിക്കാനാണ് എന്ന പഞ്ചായത്തിന്റെ അപേക്ഷയും, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 23/02/2017 ലെ III(17)ാം നമ്പർ തീരുമാനവും പരിഗണിച്ച് പഞ്ചായത്തിന്റെ നടപടി സാധൂകരിക്കുന്നതിന് സർക്കാരിന് തീരുമാനം എടുക്കാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ്

വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണർ നിർമ്മാണത്തിനാണ് ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നതെങ്കിലും; പദ്ധതി പ്രകാരമുള്ള തുകയ്ക്ക് കിണർ നിർ മ്മാണത്തിന് ഗുണഭോക്താക്കൾ കുറവായതിനാലും, കഠിനവരൾ ച്ചയിൽ കുടിവെള്ള പ്രശ്നം രൂക്ഷമായ സാഹചര്യത്തിലുമാണ് പഞ്ചായത്ത് തീരുമാന പ്രകാരം പുതിയ കിണർ നിർമാണത്തിന് പകരം കിണറിന്റെ ആഴം കൂട്ടുന്ന പദ്ധതിയ്ക്ക് തുക നൽകിയത് എന്ന വസ്തുത പരിഗണിച്ച്, 2012-13 വർഷം തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ 'പുതിയ കിണർ നിർമ്മാണം' എന്ന പദ്ധതിക്കായുള്ള 1,98,500/ രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി അഞ്ഞൂറ് രൂപ) വകമാറ്റി 'വെള്ളം വറ്റിപ്പോയ കിണറുകളുടെ ആഴം കൂട്ടുക' എന്ന പദ്ധതിക്കായി ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ